വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 14**

ലോകത്തെ മികച്ച **2%** ശാസ്ത്രജ്ഞരുടെ പട്ടികയിൽ എം.ജി. സർവകലാശാലയിലെ ഏഴ് അധ്യാപകർ

അന്താരാഷ്ട്ര ഗവേഷണ റാങ്കിങ് പ്ലാറ്റ്ഫോമായ 'ടോപ്പ്സൈനെറ്റ്' പ്രസിദ്ധീകരിച്ച ലോകത്തെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ഏഴ് അധ്യാപകർ ഇടം നേടി.

പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ. കെ., (സ്കൂൾ ഓഫ് ബയോസയൻസസ് ), പ്രൊഫ. (ഡോ.) ജി. അനിൽകുമാർ, പ്രൊഫ. (ഡോ.) ബീന മാത്യു, (സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്), പ്രൊഫ. (ഡോ.) നന്ദകുമാർ കളരിക്കൽ, (സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്), ഡോ. ശ്രീകല എം. എസ്., (സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി), പ്രൊഫ. (ഡോ.) സാബു തോമസ്, ഡോ. ലാലി പോത്തൻ (സ്കൂൾ ഓഫ് നാനോസയൻസസ് ആൻഡ് നാനോടെക്നോളജി) എന്നിവരാണ് മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും പട്ടികയിൽ ഉൾപ്പെട്ടവർ.

ലോകമെമ്പാടുമുള്ള ഗവേഷകരുടെ കോംപോസിറ്റ് സൈറ്റേഷൻ ഇൻഡക്സ് വിലയിരുത്തിയാണ് ഈ ആഗോള പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഗവേഷകരുടെ ദീർഘകാല സംഭാവനകൾ വിലയിരുത്തുന്നതിനായി സ്റ്റാൻഫോർഡ് സർവകലാശാലയിലെ പ്രൊഫസർ ജോൺ ഇയോനിഡിസ് വികസിപ്പിച്ചെടുത്ത സൂചികയാണ് കോംപോസിറ്റ് സൈറ്റേഷൻ ഇൻഡക്സ്. പബ്ലിഷിങ് കമ്പനിയായ എൽസിവീറിന്റെ ഡാറ്റാബേസായ സ്കോപ്പസിലെ ഡാറ്റ ഉപയോഗിച്ചാണ് വിലയിരുത്തൽ നടത്തുന്നത്.

സർവകലാശാലയിലെ 19 ശാസ്ത്രജ്ഞർ ഈ വർഷത്തെ സൈഗ്ലോബൽ റാങ്കിങ്ങിലും ഇടം നേടിയിരുന്നു.

പി.ആർ.ഒ./927/2026

മഹാത്മാഗാന്ധി സർവകലാശാലയിൽ മാനസികാരോഗ്യ പ്രദർശനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ദ്വിദിന പ്രദർശനമായ 'ലെഹർ' ആരംഭിച്ചു.

മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും മനഃശാസ്ത്രത്തിന്റെ വിവിധ മേഖലകളെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. സൈക്കോളജി 101, ക്ലിനിക്കൽ സൈക്കോളജി, ന്യൂറോ ആൻഡ് കോഗ്നിറ്റീവ് സയൻസ്, ഫോറൻസിക് സൈക്കോളജി, ജെ.പി.എം.ആർ. ആന്റ് സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്, എബിലിറ്റി അൺബൗണ്ട് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ആറ് സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്.

മനുഷ്യ മനസ്സിന്റെ പ്രവർത്തനങ്ങൾ, ക്ലിനിക്കൽ മനഃശാസ്ത്രം, ദൈനംദിന ജീവിതത്തിൽ മസ്തിഷ്കത്തിന്റെ പങ്ക്, കുറ്റകൃത്യങ്ങൾക്ക് പിന്നിലെ പെരുമാറ്റപരമായ കാരണങ്ങൾ, മാനസികാരോഗ്യ പ്രഥമശുശ്രൂഷ, വ്യത്യസ്ത കഴിവുകളുള്ള വ്യക്തികളുടെ സാധ്യതകൾ എന്നിവ സ്റ്റാളുകളിലൂടെ പരിചയപ്പെടുത്തുന്നു. ഓരോ സ്റ്റാളും സന്ദർശകർക്ക് വിജ്ഞാനപ്രദവും പങ്കാളിത്തം ഉറപ്പാക്കുന്നതുമായ അനുഭവങ്ങൾ നൽകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഒക്ടോബർ 14, 15 തീയതികളിലായി നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം സൗജന്യമാണ്. രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെയാണ് പ്രദർശനം.

ഫോട്ടോ ക്യാപ്ഷൻ: പ്രദർശനം വീക്ഷിക്കുന്നവർ

പി.ആർ.ഒ./928/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബി.വോക് (2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് വിദ്യാർത്ഥികൾ ഒക്ടോബർ 26 വരെയും, കോളേജുകളിൽ നിന്ന് ഒക്ടോബർ 27 വരെയും ഫീസ്

അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി യഥാക്രമം ഒക്ടോബർ 28, 29 വരെയും സൂപ്പർ ഫൈനോടുകൂടി യഥാക്രമം ഒക്ടോബർ 30, നവംബർ 2 വരെയും അപേക്ഷ സ്വീകരിക്കും.
............................................

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എസ്.ഡബ്ല്യു, എം.എ.ജെ.എം.സി, എം.റ്റി.റ്റി.എം, എം.എച്ച്.എം, എം.എഫ്.എ (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഒക്ടോബർ 29 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 31വരെയും, സൂപ്പർ ഫൈനോടുകൂടി നവംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.
.........................

മൂന്നാം സെമസ്റ്റർ എം.എ (എച്ച്.ആർ.എം) (2025 അഡ്മിഷൻ റഗുലർ, 2022-2024 അഡ്മിഷനുകൾ സപ്ലിമെന്ററി 2021 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്), എം.എച്ച്.ആർ.എം. (2020 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 4 മുതൽ ആരംഭിക്കും. ഒക്ടോബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 24 വരെയും, സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഓ./929/2026

പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പഞ്ചവത്സര എൽ.എൽ.ബി പ്രോഗ്രാമുകളുടെ നാലാം സെമസ്റ്റർ പരീക്ഷകൾ നവംബർ 3 മുതൽ ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ് സൈറ്റിൽ.
..............................

അഞ്ചാം സെമസ്റ്റർ ബി.വോക് പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്,) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 4 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
...................................

അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ ഇംഗ്ലീഷ് , എം.എസ്.സി ഫിസിക്സ് , കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് , എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ് - ഡാറ്റ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ് , 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 5 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
—-----------------

അഫിലിയേറ്റഡ് കോളേജുകളിലെ 2015 അഡ്മിഷനു മുൻപുള്ള ഒന്നുമുതൽ നാലു വരെ സെമസ്റ്റർ എം.ബി.എ. അവസാന പ്രത്യേക മെഴ്സി ചാൻസ് പരീക്ഷകൾ നവംബർ 4 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

പി.ആർ.ഓ./930/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എഫ്.എ അപ്ലൈഡ് ആർട്ട്, പെയിന്റിംഗ്, സ്കൾപ്ചർ (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പി.ആർ.ഓ./931/2026
പബ്ലിക് റിലേഷൻസ് ഓഫീസർ